## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത**
**ചോദ്യം നമ്പർ : 6191** — **02.04.2018- ൽ മറുപടിയ്ക്ക്**

### സഹകരണ ബാങ്കുകളിൽ സോഫ്റ്റ് വെയർ ലഭ്യമാക്കുന്നതിന് ഇഫ്ലാസ് കമ്പനി

| <u>ചോദ്യം</u> | <u>മറുപടി</u> |
|---|---|
| **ശ്രീ.വി.ടി.ബൽറാം** | **ശ്രീ. കടകംപള്ളി സുരേന്ദ്രൻ**<br>(ബഹു.സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ സഹകരണ ബാങ്കുകളിൽ സോഫ്റ്റ് വെയർ ലഭ്യമാക്കുന്നതിന് സർക്കാരിനെ സമീപിച്ചിട്ടുള്ള ഇഫ്ലാസ് കമ്പനി ഏത് ഫ്രണ്ട്എൻഡ്/ ബാക്ക് എൻഡ് സോഫ്റ്റ് വെയറുകൾ ഉപയോഗപ്പെടുത്താനാണ് തീരുമാനിച്ചിരിക്കുന്നത്;<br><br>(ബി) ഇഫ്ലാസ് കമ്പനി ഉപയോഗിക്കാൻ തീരുമാനിച്ചിരിക്കുന്ന സോഫ്റ്റ് വെയർ, ഫ്രീ സോഫ്റ്റ് വെയർ ആണോയെന്ന് വെളിപ്പെടുത്താമോ;<br><br>(സി) അല്ലെങ്കിൽ സോഫ്റ്റ് വെയർ ലൈസൻസ് ഫീസ് സർക്കാർ വഹിക്കുമോയെന്ന് വെളിപ്പെടുത്താമോ? | (എ) യും (ബി) യും (സി) യും<br><br>സഹകരണ ബാങ്കിങ് മേഖലയിൽ ആധുനികവത്ക്കരണത്തിന്റെ ഭാഗമായി പ്രാഥമിക കാർഷിക സഹകരണ ബാങ്കുകളിൽ ഏകീകൃത സോഫ്റ്റ് വെയർ ഏർപ്പെടുത്തുന്ന വിഷയത്തിൽ ഇഫ്ലാസ് സമർപ്പിച്ച പ്രൊപ്പോസൽ പരിശോധിച്ച് ശുപാർശ സമർപ്പിക്കുന്നതിന് ചീഫ് സെക്രട്ടറി ചെയർമാനായി ഒരു സെക്രട്ടറിതല കമ്മിറ്റിയെ ചുമതലപ്പെടുത്തിയിരുന്നു. മേൽ സെക്രട്ടറിതല കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ ഇഫ്ലാസ് സമർപ്പിച്ച പ്രൊപ്പോസൽ പരിഗണിക്കുന്നതിനും ആയത് നടപ്പാക്കുന്നത് സംബന്ധിച്ച ഇഫ്ലാസ് സോഫ്റ്റ് വെയറിന്റെ സാങ്കേതികത, സോഫ്റ്റ് വെയർ കോസ്റ്റ്, ആവർത്തന ചെലവ് എന്നിവ സംബന്ധിച്ച് ഈ സ്ഥാപനവുമായി ചർച്ച ചെയ്ത് തീരുമാനം കൈക്കൊള്ളുന്നതിന് **19.03.2018** ലെ സ.ഉ (സാധാ) **നം.167/2018/സഹ** നമ്പർ ഉത്തരവ് പ്രകാരം ഇലക്ട്രോണിക്സ് & ഇൻഫർമേഷൻ ടെക്നോളജി വകുപ്പ് സെക്രട്ടറി ചെയർമാനായി ഒരു സെക്രട്ടറിതല കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ഇഫ്ലാസ് സമർപ്പിച്ച പ്രൊപ്പോസലിൽ അന്തിമ തീരുമാനം ആയിട്ടില്ല. |

**സെക്ഷൻ ഓഫീസർ**